(സി) KSEDC Ltd., KCCL, KRL, KML എന്നീ കമ്പനികൾ അവയുടെ പഴയ കടങ്ങളുടെ പലിശയും തേയ്മാനവും നികുതിയും കണക്കാക്കാതെ ലാഭം ഉണ്ടാക്കുന്നു.

(ഡി ആന്റ് ഇ) ഇവയുടെ പുനഃസംഘടന സംബന്ധിച്ച് ഇ.ആർ.സി. പഠിച്ചു വരികയാണ്.

കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം

15 [443] ശ്രീ. കളത്തിൽ അബ്ദുള്ള:
,, പി. കെ. കെ. ബാവ:
,, ടി. പി. എം. സാഹിർ:
,, ഇ. ടി. മുഹമ്മദ് ബഷീർ:
,, വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിന്റെ പ്രവർത്തനം ലാഭകരമായിട്ടാണോ നടക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) 2002-2003 വർഷത്തിൽ ലാഭം എത്രയായിരുന്നു എന്നും ഏതെല്ലാം തരം വാഹനങ്ങളാണ് ഇവിടെ നിർമ്മിക്കപ്പെടുന്നത് എന്നും വിശദമാക്കാമോ;

(സി) ഇവയിൽ ഏതെല്ലാം സംസ്ഥാനങ്ങൾക്ക് പുറത്തേക്കും വിദേശങ്ങളിലേക്കും കയറ്റി അയയ്ക്കുന്നു എന്ന് പറയാമോ;

(ഡി) വിദേശ ഓർഡർ കൂടുതൽ ലഭിക്കാനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) 2002-03 വർഷം കമ്പനിയുടെ ലാഭം 266.41 ലക്ഷം രൂപയാണ്. ആട്ടോറിക്ഷ (ഡീസൽ, പെട്രോൾ), ചേസിസ്സ്, പിക്കപ്പ് വാൻ, ഡെലിവറി വാൻ, ടിപ്പർ എന്നീ തരം ത്രീവീലർ വാഹനങ്ങളാണ് ഇവിടെ നിർമ്മിക്കുന്നത്.

(സി) ആട്ടോറിക്ഷ (ഡീസൽ ആന്റ് പെട്രോൾ), ചേസിസ്സ് എന്നിവ സംസ്ഥാനങ്ങൾക്ക് പുറത്തേക്കും വിദേശങ്ങളിലേക്കും ഇപ്പോൾ കയറ്റി അയയ്ക്കുന്നു.

(ഡി) വിദേശ ഓർഡറുകൾ കൂടുതൽ ലഭിക്കുന്നതിനായി ചില കയറ്റുമതി, ഇറക്കുമതി ഏജൻസികളുമായി കമ്പനി ബന്ധപ്പെട്ടുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly